**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1502** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്വകാര്യ സർവ്വകലാശാല ബിൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** പതിനഞ്ചാം കേരള നിയമസഭ പാസാക്കിയ 2025-ലെ കേരള സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരള നിയമസഭ 25.03.2025-ന് പാസാക്കിയ കേരള സ്വകാര്യ സർവ്വകലാശാലാ (സ്ഥാപനവും നിയന്ത്രണവും) ബിൽ, 2025, 21.04.2025-ന് ബഹു. ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും, ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 200 പ്രകാരം ബഹു. ഗവർണർ ബിൽ ബഹു. രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി മാറ്റിവച്ചു. അപ്രകാരം മാറ്റിവച്ചിട്ടുള്ള ബിൽ, മന്ത്രിസഭയുടെ അംഗീകാരത്തോടെ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 118 പ്രകാരമുള്ള പ്രമേയത്തിലൂടെ പിൻവലിക്കുന്നതിനും ബിൽ പിൻവലിക്കുന്നത് സംബന്ധിച്ച പ്രമേയം നിയമസഭ പാസാക്കുകയും, പുതിയ ബിൽ അവതരിപ്പിക്കുന്നതിനുള്ള അനുമതിക്കായി ഗവർണർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

**(ബി)** സംസ്ഥാനത്തിന് പുറത്തേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് തടയുന്നതും രാജ്യാന്തരനിലവാരത്തിലുള്ള പഠനത്തിന് അവസരം ഒരുക്കുന്നതുമാണ് പ്രസ്തുത ബിൽ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികച്ച സേവനങ്ങൾ ഉറപ്പാക്കുന്നതിനും, ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ച് കൊണ്ടുള്ള പുതിയ ബിൽ, മെച്ചപ്പെട്ട പഠനനിലവാരം തേടി കേരളത്തിൽ നിന്ന് വിദേശ സർവകലാശാലകളിലേക്ക് പോകുന്ന വിദ്യാർത്ഥികളുടെ ഒഴുക്ക് നിയന്ത്രിക്കാൻ പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**